(സി) പ്രസ്തുത റോഡ് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന മൂന്നരക്കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത എസ്റ്റിമേറ്റിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) എൻ.എച്ച്. 47-ൽ വന്നുചേരുന്ന മുക്കന്നൂർ-ഏഴാറ്റുമുഖം റോഡ് ഉയർത്തി സ്ഥലത്തെ അപാകതകൾ പരിഹരിക്കുന്നതിനായി 3.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണ പുരോഗതി

227 (5312) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി പോളിടെക്നിക്കിന്റെ നിർമ്മാണപ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ നിലവിലുള്ളതായി അറിവുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കൽ മെയിൻ ബിൽഡിംഗ്, വനിതാ ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ എന്നീ മൂന്ന് കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെചേർക്കുന്നു:

1. മെയിൻ ബിൽഡിംഗ് :

മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ മെയിൻബിൽഡിംഗിന്റെ 40 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയത്. നിലവിൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയിട്ടുള്ളതാണ്. ബാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. വനിതാ ഹോസ്റ്റൽ :

മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ വനിതാ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ 40 ശതമാനം (സൂക്ച്ചർ മാത്രം) പൂർത്തിയാവുകയും 2014 ഒക്ടോബർ മാസത്തിനുശേഷം പ്രവൃത്തികൾ ഒന്നും തന്നെ നടന്നിട്ടില്ലാത്തതുമാണ്. പ്രവർത്തന പുരോഗതിയില്ലാത്തതിനാൽ കരാറുകാരനെ സ്വന്തം റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മെൻസ് ഹോസ്റ്റൽ :

മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിന്റെ മെൻസ് ഹോസ്റ്റലിന്റെ ഫിനിഷിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നിർമ്മാണം നടന്ന പ്രവൃത്തികൾക്കുള്ള ബില്ലുകളുടെ എൽ.സി. ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ ഫയൽ പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ട്.

തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണം

228 (5313) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തലശ്ശേരി വളവുപാറ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) തലശ്ശേരി-വളവുപാറ റോഡിൽ ആകെ എത്ര പാലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഓരോ പാലം നിർമ്മാണവും ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ നിർമ്മാണപ്രവൃത്തി നടത്തുന്ന തലശ്ശേരി-വളവുപാറ റോഡിന്റെ പ്രവൃത്തി ഏറ്റെടുത്തിരുന്ന M/s SACYR-ESSAR-JV എന്ന കമ്പനി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തുകയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly